കടമെടുപ്പ് പരിധി ഉയർത്തി നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ, കടമെടുപ്പ് പരിധി എത്ര മടങ്ങ് വർദ്ധിപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്, സംസ്ഥാനത്തിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) 2011-12 മുതൽ 2013-14 വരെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയും വായ്പയെടുത്ത തുകയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	കടമെടുപ്പ് പരിധി	വായ്പയെടുത്ത തുക (പ്രൊവിഡന്റ് ഫണ്ടിൽ നിന്നുള്ള വായ്പ ഉൾപ്പെടെ)
	(തുക കോടിയിൽ)	
2011-12	10418	10745
2012-13	12557	14143
2013-14	12397	15448

(ജി) 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചു നൽകിയ കടമെടുപ്പ് പരിധി 13548 കോടി രൂപയാണ്. നടപ്പുസാമ്പത്തിക വർഷം 11 തവണകളായി പൊതുവിപണിയിൽനിന്ന് ഇതുവരെ 9400 കോടിരൂപ വായ്പയെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാരിനോട് കടമെടുപ്പ് പരിധിയായി സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത് 14505 കോടി രൂപയാണ്. എന്നാൽ 13-ാം കേന്ദ്രധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് കേന്ദ്രസർക്കാർ 2014-15 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പി.(എസ്റ്റിമേറ്റ്)-യുടെ മൂന്ന് (3) ശതമാനമായി കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകിയിട്ടുള്ളത് 13548 കോടി രൂപയാണ്. ഈ പരിധി കൂട്ടി നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടില്ല.

പങ്കാളിത്ത പെൻഷൻ പദ്ധതി

182 (522) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ജീവനക്കാരാണ് പങ്കാളിത്ത

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത് ; ഇവരിൽനിന്നും ഇതുവരെ എത്ര രൂപ പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പെൻഷൻ ഫണ്ടിലേക്ക് സർക്കാർ വിഹിതമായി ഇതുവരെ എന്ത് തുകയാണ് നൽകിയിട്ടുള്ളത് ; ഈ തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത് ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥരിൽനിന്ന് പിരിച്ചെടുത്ത പെൻഷൻ വിഹിതമായി എന്ത് തുക ലഭിച്ചിട്ടുണ്ട് ; ഈ ഫണ്ടിലേക്ക് സർക്കാർ വിഹിതമായി എന്ത് തുക നൽകിയിട്ടുണ്ട് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 22-11-2014 വരെ 13,562 ജീവനക്കാരാണ് ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് പെർമനെന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (PRAN) കരസ്ഥമാക്കിയിട്ടുള്ളത്. 31-10-2014 വരെ ജീവനക്കാരുടെ വിഹിതമായി 7.395 കോടി രൂപ പെൻഷൻ ഫണ്ടിലേയ്ക്കായി ലഭിച്ചിട്ടുണ്ട്.

(ബി) പെൻഷൻ ഫണ്ടിലേക്ക് 31-10-2014 വരെ സർക്കാർ വിഹിതമായി ആകെ 7.395 കോടി രൂപ നൽകിയിട്ടുണ്ട്. 6-2-2014-ലെ സർക്കുലർ നമ്പർ 07/2014/ധന. ഖണ്ഡിക VI അനുസരിച്ച് പി.എഫ്.ആർ.ഡി.എ. ആണ് ആക്സിസ് ബാങ്കിനെ ട്രസ്റ്റിബാങ്കായി നിയമിച്ചിട്ടുള്ളത്. ട്രസ്റ്റിബാങ്ക് മുഖേനയാണ് പെൻഷൻ തുകമേൽ സർക്കുലർ ഖണ്ഡിക V-ൽ വിവരിക്കുന്ന പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫണ്ടുകളിൽ/സെക്യൂരിറ്റികളിൽ നിലവിൽ നിക്ഷേപിച്ചിട്ടുള്ളത്.

(സി) ട്രഷറി വകുപ്പിൽനിന്ന് ലഭ്യമായ കണക്കുകൾ അനുസരിച്ച് ദേശീയ പെൻഷൻ പദ്ധതി ബാധകമായിട്ടുള്ള സംസ്ഥാന കേഡറിലെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ 2013-14 സാമ്പത്തിക വർഷംവരെ പെൻഷൻ വിഹിതമായി 16,75,853-രൂപയും സർക്കാർ 46,026-രൂപ സർക്കാർ വിഹിതമായും ഒടുക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാർ അടച്ച വിഹിതത്തിന് തുല്യമായ സർക്കാർ വിഹിതം അടയ്ക്കുവാനുള്ള നടപടിക്രമം രൂപീകരിച്ചുവരികയാണ്.

രാജ്യാന്തര വിപണിയിലെ എണ്ണവില വർദ്ധന

183 (523) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യാന്തര വിപണിയിൽ എണ്ണവില ഇടിഞ്ഞതിന്റെ ആശ്വാസം സംസ്ഥാനത്തെ ജനങ്ങൾക്ക് നൽകാതെ പെട്രോൾ,ഡീസൽ വിൽപ്പന നികുതി സംസ്ഥാനത്ത് നികുതി വകുപ്പ് മുന്നറിയിപ്പില്ലാതെ 18-11-2014 അർദ്ധരാത്രി മുതൽ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) പ്രസ്തുത വർദ്ധനവുവഴി പൊതുജനങ്ങളിൽനിന്നും പ്രതിമാസം എത്ര കോടി രൂപാ വീതം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്, വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വർദ്ധനവിലൂടെ ഒരു ലിറ്റർ പെട്രോളിനും, ഡീസലിനും എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് ;

(ഡി) ഇത്തരത്തിൽ ഇന്ധന നികുതി വർദ്ധിപ്പിച്ചത് പുനഃപരിശോധിക്കാനും പ്രസ്തുത നികുതി വർദ്ധന പിൻവലിക്കാനും തയ്യാറാകുമോ, വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടെയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപ്പന നികുതി നിരക്ക് 27.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19-11-2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായും ഉയർത്തിക്കൊണ്ട് പുനഃക്രമീകരിച്ചിട്ടുണ്ട്. അതിനാൽ, ഇപ്രകാരം നികുതി നിരക്കിലുണ്ടായ വർദ്ധനവ്വഴി എണ്ണക്കമ്പനികൾ വിലകുറച്ചതിന് മുമ്പും പിമ്പുമായി താരതമ്യപ്പെടുത്തുമ്പോൾ അധിക നികുതിഭാരം ഈ ഉല്പന്നങ്ങൾക്ക് മേൽ ചുമത്തപ്പെട്ടിട്ടില്ല.

584/16

LIBRARY ARCHIVES Kerala Legislative Assembly